Encouragement to Ayurvedic system of treatment.

മിസ്റ്റർ കപ്പിങ്ങൊട്ട് ശങ്കരൻ നമ്പൂതിരി.

179. (a) ആയുർവ്വേദത്തെ പ്രചാരപ്പെടുത്തുവാൻ ഗവർമ്മെണ്ടിന് ഉദ്ദേശമുണ്ടോ ?

(b) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാമാണ് ചെയ്തിട്ടുള്ളതെന്ന് ദയവുചെയ്ത് പറയാമോ ?

മിസ്റ്റർ ഐ. രാമരേനോൻ.

(a) ആയുർവ്വേദത്തെ പ്രചാരപ്പെടുത്തുന്നതിന് സഹായിക്കണമെന്ന് ഗവർമ്മെണ്ടിന് ഉദ്ദേശമുണ്ട്.

(b) ചെറുവിരുത്തി ആയുർവ്വേദസമാജത്തിലേക്ക് 1096 വരെ ഗവർമ്മെണ്ടിൽ നിന്ന് 9,508-ൽ ചിലപ്പോൾ ഉറപ്പിക സംഭാവന കൊടുത്തിട്ടുണ്ട്. വൈദ്യശാല സ്ഥാപിക്കുന്നതിന് ആവശ്യമുള്ള ഭൂമി സമാജത്തിലേക്ക് ഇനാമായി കൊടുത്തു.

ആയുർവ്വേദവൈദ്യശാലകളെ സംബന്ധിച്ച് ഗവർമ്മെണ്ടിൽ നിന്ന് ഉടനടി കൈക്കൊള്ളുന്ന ചട്ടങ്ങളനുസരിച്ച് നടത്തുന്ന വൈദ്യശാലകൾക്ക് സഹായധനം കൊല്ലത്തോറും കൊടുക്കുന്നുണ്ട്.

ഗവർമ്മെണ്ടിന്റെ ഉദ്ദേശം സഫലീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അടങ്ങിയ ഒരു സ്കീം ഗവർമ്മെണ്ട് ഇപ്പോൾ ആലോചിച്ചുവരുന്നുണ്ട്.

മിസ്റ്റർ കപ്പിങ്ങൊട്ട് ശങ്കരൻ നമ്പൂതിരി.

ഇതിൽ ഒടുവിൽ പറയുന്ന സ്കീം എപ്പോൾ മുതൽ നടപ്പിൽ വരുത്തും എന്ന് പറയാമോ ?

പ്രസിഡണ്ട്.

സമയം ക്ലിപ്തപ്പെടുത്തി പറയാൻ സാധിക്കയില്ല. ഗവർമ്മെണ്ടിന് പല ജോലികളും ഉണ്ട്. അതു ചെയ്തു കഴിഞ്ഞാൽ ഇതും വേഗത്തിൽ നടപ്പിൽ വരുത്താം.

Panchayats and Ayurvedic Institutions.

മിസ്റ്റർ കപ്പിങ്ങൊട്ട് ശങ്കരൻ നമ്പൂതിരി.

180. ആയുർവ്വേദ വൈദ്യശാലകൾ സ്ഥാപിച്ചാൽ കൊള്ളാമെന്ന് കഴിഞ്ഞ മൂന്നുകൊല്ലങ്ങൾക്കിടയിൽ ഏതെല്ലാം പഞ്ചായത്തുകാരാണ് അപേക്ഷിച്ചിട്ടുള്ളതു് എന്നും അനുവദിച്ചതു് ഏതെല്ലാമാണെന്നും പറയാമോ ?

മിസ്റ്റർ ഐ. രാമരേനോൻ.

ചോദ്യത്തിൽ ആവശ്യപ്പെട്ട സംഗതികൾ അടങ്ങിയ സ്റ്റേറുമെണ്ട് താഴെ ചേർത്തിട്ടുണ്ട്. (അനുബന്ധം *III*.)

Number of Village Panchayats in the State and their constitution.

Mr. K. T. MATHEW.

181. Will the Government be pleased to state

(a) The total number of Village Panchayats in the State at present and their names;

LIBRARY ARCHIVES Kerala Legislative Assembly